I/89502/2023

**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം - കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് , കീഴാറ്റിങ്ങൽ വില്ലേജിൽ - Fuel pump നിർമ്മിക്കുന്നതിന് - ലേ ഔട്ടിനും സ്ഥലത്തിൻറ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :- Sri Nazeeb Khan A എന്നയാൾ 20.02.2023 14.03.2023 എന്നീ തീയതികളിൽ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷ.

**ഉത്തരവ് നമ്പർ: TCPTVM/394/2023-D തീയതി 22-03-2023**

കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട കീഴാറ്റിങ്ങൽ വില്ലേജിൽ റീസർവ്വേ നമ്പർ: 70/15 ( Old survey - 70/1) ൽ ഉൾപ്പെട്ട 12.69 ആർ സ്ഥലത്തു 202 ച.മി ആകെ ബിൽറ്റപ് ഏരിയയുള്ള Group I Hazardous ഒക്യുപൻസിയിൽ ഉൾപ്പെടുന്ന Fuel pump നിർമ്മാണത്തിന് ലേ-ഔട്ട് അനുമ തിയ്ക്കായി Sri. Nazeeb Khan A (land owner) സൂചനാ പ്രകാരം നേരിട്ട് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ KPBR-2019 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും സ്ഥലത്തിൻറെ ഉപയോഗത്തിനും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. കേരളപഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 (കെ.പി.ബി.ആർ-2019), ചട്ടം 5 (6) (1) (a), (b) എന്നിവ പ്രകാരം ഉള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് ഈ അംഗീകാരം എന്നതിനാൽ നിർദിഷ്ട നിർമ്മാണം കെ.പി.ബി.ആർ-2019 നും നാളിതുവരെയുള്ള ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമാണോ എന്ന് സെക്രട്ടറി പരിശോധിച്ചു ഉറപ്പു വരുത്തിയിരിക്കണം.
2. നിർമ്മാണ സ്ഥലത്തിൻറെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നും, നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ലന്നും ഉറപ്പുവരുത്തണം. 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
3. പ്രസ്തുത സ്ഥലത്ത് ലഭ്യമായ സ്വാഭാവിക ജലനിർഗമന മാർഗ്ഗങ്ങൾ ജലനിർഗമനത്തിനു തടസം സൃഷ്ടിക്കാതെ പരിപാലിക്കണം. നിർദ്ദിഷ്ട ലേ - ഔട്ടിൽ ഡ്രെയിനേജി നുള്ള നിയമാനുസൃത സൗകര്യം നല്കിയിരിക്കണം
4. KPBR -2019 ചട്ടം 5(4) പ്രകാരം നിഷ്കർഷിക്കുന്ന (Pollution control board, Fire force , National Highway authority തുടങ്ങിയ ഏജൻസികളിൽ നിന്ന്) ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ്

വരുത്തേണ്ടതാണ്.

5. പ്ലോട്ടിനോട് ചേർന്ന് നിലവിൽ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നതും നിലവിൽ 45 മീറ്റർ വീതിയുള്ള **NH Bypass** റോഡിൽ നിന്നും പ്ലോട്ട് അതിർത്തി വരെ ചട്ട പ്രകാരമുള്ള സ്ഥലം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ് .
6. **KPBR -2019** ചട്ടം **10** പ്രകാരം പ്രസ്തുത സ്ഥലത്ത് **Earth work** നടത്തുന്ന പക്ഷം ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആവശ്യമാകുന്ന പക്ഷം ബന്ധപ്പെട്ട അധികാരികളിൽ നിന്നും **NOC** ലഭ്യമാക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതുമാണ്.
7. **KPBR -2019** ചട്ടം **26(8)** പ്രകാരം തുറസ്സായ സ്ഥലത്തിൻറെ **50%** കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേ ണ്ടതാണ്.
8. **KPBR 2019** ചട്ടം **79, 79A** എന്നിവയ്ക്ക് അനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടു ണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം .
9. **KPBR 2019** ചട്ടം **76(3)** പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനുചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
10. നിർദ്ദിഷ്ടനിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ/ സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിന്റെ സുരക്ഷയെ ബാധിയ്ക്കരുത് .
11. പ്രസ്തുത നിർമ്മാണം **KPBR – 2019** ചട്ടം **34, 41 ,42 ,47** എന്നിവയ്ക്ക് വിധേയമായിരിക്കണം.
12. **KPBR -2019** ചട്ടം **42 (3 )** പ്രകാരം **PH Toilet** നു നൽകിയിരിക്കുന്ന **Open landing space width 1.50 x 1.20** അളവുകൾ പാലിച്ചു നൽകേണ്ടതാണ് .

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതി നുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**ലേ-ഔട്ട് അംഗീകരിച്ച പ്ലാൻ നമ്പർ : 08/2023, (1സെറ്റ്) ഉള്ളടക്കം ചെയ്യുന്നു.**

**RAJESH T N**
**TOWN PLANNER**

Signed by
Rajesh T N
Date: 22-03-2023 13:39:42

ഉള്ളടക്കം: മേൽപ്രസ്താവിതം,

സ്വീകർത്താവ്

സെക്രട്ടറി
കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്

പകർപ്പ്: 1) അപേക്ഷകൻ, (അറിവിലേയ്ക്കായി)

**Sri Nazeeb Khan A**

**C V Bungalow, Palamkonam**

I/89502/2023

Perumkulam P.O.

Thiruvananthapuram

2) കരുതൽ ഫയൽ

3) ഫയൽ.